ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.05.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജിതമായി തുടരുന്നു. ഏഴാം ഘട്ടത്തിലേക്കുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.

**Campaigning heats up for remaining phases of Lok Sabha elections; Leaders hold whirlwind tours across states to gain support for their party.**

2. മദ്യ നയ അഴിമതി കേസിൽ ആം ആദ്മി പാർട്ടിയെ പ്രതിചേർക്കുമെന്ന് എൻഫോഴ്സ്മെൻറ് ഡയറക്റ്ററേറ്റ്.

**ED tells Delhi High Court that Aam Aadmi Party to be made co accused in Exicse Policy Scam.**

3. അന്വേഷണ ഏജൻസി ഉദ്യോഗസ്ഥരായി ചമഞ്ഞ് സൈബർ തട്ടിപ്പ് നടത്തുന്ന സംഘങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തണമെന്ന് പൊതുജനങ്ങളോട് അഭ്യർത്ഥിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

**The Home Ministry has advised the people to be aware from the fraudsters posing as officials of Police and other Law Enforcement Agencies**

4. കേരളത്തിൽ ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ വിവിധ യൂണിയനുകളുമായി സംസ്ഥാന സർക്കാർ ഇന്ന് ചർച്ച നടത്തും.

**Kerala Government will hold discussion with protesting driving school unions today**

5. കനേഡിയൻ എഴുത്തുകാരിയും നോബേൽ സമ്മാന ജേതാവുമായ ആലിസ് മൺറോ അന്തരിച്ചു.

**Canadian author Alice Munro and Nobel laureate passed away at her home in Ontario**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിങ്സുമായി ഏറ്റുമുട്ടും.

**In IPL, Rajasthan Royals will take on Punjab Kings today.**

**&&&&&&&&&&&&&&&&**

## HEADLINE-1

**CAMPAIGNING (INTRO)**

*ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജിതമായി തുടരുന്നു. ഈ മാസം 20, 25 തീയതികളിലും അടുത്തമാസം ഒന്നിനുമാണ് അഞ്ച്, ആറ്, ഏഴ് ഘട്ടങ്ങളിലേക്കുള്ള വോട്ടെടുപ്പ് നടക്കുക.*

*വിശദാംശങ്ങളിലേക്ക്......*

*(ഹോൾഡ് വോയ്സ്)*

*(VO)*

*ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണത്തിനായി മണ്ഡലങ്ങളിൽ മുതിർന്ന നേതാക്കളും താരപ്രചാരകരും സജീവ പ്രചാരണം തുടരുകയാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിലെ ഡിണ്ടോരി, കല്യാൺ, ഭിവണ്ടി ലോക്സഭാ മണ്ഡലങ്ങളിൽ പ്രചാരണം നടത്തും. വൈകുന്നേരം മുംബൈയിൽ*

*അദ്ദേഹം റോഡ് ഷോയും നടത്തുന്നുണ്ട്. ഇന്നലെ വാരാണസിയിൽ നാമനിർദ്ദേശപത്രിക സമർപ്പിച്ച പ്രധാനമന്ത്രി ഝാർഖണ്ഡിൽ പ്രചാരണത്തിൽ പങ്കെടുത്തിരുന്നു. കേന്ദ്രമന്ത്രി അമിത്ഷാ ഇന്ന് ഒഡീഷയിലെ ഘട്ടക്കിൽ റോഡ്ഷോയിൽ പങ്കെടുക്കും. കോൺഗ്രസ് നേതാക്കളായ രാഹുൽഗാന്ധി ഒഡീഷയിലും, പ്രിയങ്കാഗാന്ധി ഉത്തർപ്രദേശിലുമാണ് ഇന്ന് പ്രചാരണം നടത്തുന്നത്. ഡൽഹി മുഖ്യമന്ത്രിയും ആംആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ് രിവാൾ ഉത്തർപ്രദേശിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. ബിഎസ്പി നേതാവ് മായാവതി ഉത്തർപ്രദേശിലെ ഭാണ്ഡ ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പു റാലിയിൽ പങ്കെടുക്കുന്നുണ്ട്.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&

**LAST PHASE NOMINATIONS**

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു. പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്നലെ അവസാനിച്ചിരുന്നു. വെള്ളിയാഴ്ചയാണ് പത്രിക പിൻവലിക്കാനുള്ള അവസാനദിനം. ഏഴു സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തിലെയും 57 മണ്ഡലങ്ങളിലാണ് ജൂൺ ഒന്നിന് ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. ഏഴുഘട്ടങ്ങളായി നടക്കുന്ന തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ജൂൺ നാലിനാണ്.

&&&&&&&&&&&&&&&&

**HEADLINE-2**

**ED-AAP CO-ACCUSED**

ഡൽഹി മദ്യ നയ അഴിമതി കേസിൽ ആം ആദ്മി പാർട്ടിയെ കൂടി പ്രതിചേർക്കുമെന്ന് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ഡൽഹി ഹൈക്കോടതിയെ അറിയിച്ചു. ഡൽഹി മുഖ്യമന്ത്രി അരവിന്ദ്

കേജ്രിവാൾ ഉൾപ്പെടെ മൂന്നു പേരാണ് നിലവിൽ പ്രതി പട്ടികയിലുള്ളത്. ഇത് ആദ്യമായാണ് ഒരു രാഷ്ട്രീയ പാർട്ടിയെ കേസിൽ പ്രതി ചേർക്കുന്നത്. അനുബന്ധ കുറ്റപത്രം ഉടൻ സമർപ്പിക്കുമെന്നും ഇ.ഡി കോടതിയെ അറിയിച്ചു.

&&&&&&&&&&&&&&&&

**PRABIR**

ന്യൂസ് ക്ലിക്ക് സ്ഥാപകനും, എഡിറ്റർ ഇൻ ചീഫുമായ പ്രബിർ പുർകായസ്ഥയുടെ അറസ്റ്റും, റിമാൻഡും നിയമവിരുദ്ധമാണെന്ന് സുപ്രീംകോടതി. ഇദ്ദേഹത്തെ ഉടൻ വിട്ടയക്കണമെന്നും കോടതി നിർദ്ദേശിച്ചു. ജസ്റ്റിസുമാരായ ബി.ആർ ഗവായ്, സന്ദീപ് മേത്ത എന്നിവരുടെ ബഞ്ചാണ് ഹർജി പരിഗണിച്ചത്. യുഎപിഎ കേസിൽ ഡൽഹി പോലീസാണ് കഴിഞ്ഞ ഒക്ടോബറിൽ പ്രബിർ പുർകായസ്ഥയെ അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&&

**HEADLINE-3**

**MHA-FRAUD**

പോലീസായും, വിവിധ അന്വേഷണ ഏജൻസി ഉദ്യോഗസ്ഥരായും ചമഞ്ഞ് സൈബർ തട്ടിപ്പ് നടത്തുന്ന സംഘങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തണമെന്ന് പൊതുജനങ്ങളോട് അഭ്യർത്ഥിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. സി.ബി.ഐ, നാർക്കോട്ടിക് വകുപ്പ്, റിസർവ് ബാങ്ക്, ഇ.ഡി ഉദ്യോഗസ്ഥരാണെന്ന വ്യാജേന ഭീഷണിപ്പെടുത്തുകയും, പണം തട്ടുകയും ചെയ്യുന്നതായ നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിലാണ് അഭ്യർത്ഥന. പോലീസ് സ്റ്റേഷനുകളുടെയും, സർക്കാർ ഓഫീസുകളുടെയും മാതൃകയിലുള്ള സ്റ്റുഡിയോകളിൽ നിന്നും വീഡിയോ കോളുകളിൽ ബന്ധപ്പെട്ട ശേഷം, ഡിജിറ്റൽ അറസ്റ്റ് രേഖപ്പെടുത്തുന്നതായി പറഞ്ഞാണ് ഭീഷണിപ്പെടുത്തുന്നത്. ഇത്തരം തട്ടിപ്പിലൂടെ നിരവധി പേർക്ക് വൻ തുകകൾ നഷ്ടമായതായും മന്ത്രാലയം വ്യക്തമാക്കി. രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന സാമ്പത്തിക കുറ്റകൃത്യ ശൃംഖലയാണ് ഈ തട്ടിപ്പിനു പിന്നിലുള്ളത്. ഇത്തരം തട്ടിപ്പിന് ഇരയായാൽ 1930 എന്ന ഹെൽപ്പ്ലൈൻ

നമ്പരിലോ, www.cybercrime.gov.in എന്ന വെബ്സൈറ്റിലോ ഉടൻ റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രാലയം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

**HEADLINE-4**

## DRIVING SCHOOL

കേരളത്തിൽ ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ വിവിധ യൂണിയനുകളുമായി സർക്കാർ ഇന്ന് ചർച്ച നടത്തും. വൈകുന്നേരം 3 മണിക്ക് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാറിന്റെ നേതൃത്വത്തിലാണ് ചർച്ച. ഡ്രൈവിംഗ് ടെസ്റ്ററിൽ വരുത്തിയ പരിഷ്കരണത്തെ ചൊല്ലി, ഡ്രൈവിംഗ് സ്കൂൾ ഉടമകൾ പ്രതിഷേധം തുടരുന്നതിനാൽ സംസ്ഥാനത്ത് പലയിടത്തും ടെസ്റ്റ് തടസപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് ചർച്ച.

&&&&&&&&&&&&&&&&

## NTA

കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് ഇന്ന് മുതൽ ഈ മാസം 18 വരെ നടക്കും. ഇന്ത്യയ്ക്ക് പുറത്തുള്ള 26 നഗരങ്ങൾ ഉൾപ്പെടെ 379 നഗരങ്ങളിലാണ് CUET-UG പരീക്ഷ നടക്കുന്നത്. അതേസമയം ഡൽഹിയിലെ കേന്ദ്രങ്ങളിൽ ഇന്ന് നടത്തേണ്ടിയിരുന്ന പരീക്ഷ മാറ്റിവച്ചതായി NTA അറിയിച്ചു. ഈ മാസം 29-ാം തീയതിയിലേക്കാണ് പരീക്ഷ മാറ്റിയത്. പുതുക്കിയ അഡ്മിറ്റ് കാർഡുകൾ പിന്നീട് NTA യുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&

## PLUS ONE

സംസ്ഥാനത്ത് ഹയർസെക്കന്ററി വൊക്കേഷണൽ ഹയർസെക്കന്ററികോഴ്സുകളിലേക്ക് നാളെ മുതൽ ഓൺലൈനായി അപേക്ഷ സ്വീകരിക്കും. ഏകജാലക സംവിധാനം വഴിയാണ്

പ്രവേശനം. അപേക്ഷിക്കാനുള്ള സമയപരിധി ഈ മാസം 25 വരെയാണ്.

&&&&&&&&&&&&&&&&

**HEADLINE-5**

**NOBEL LAUREATE-ALICE MUNRO**

കനേഡിയൻ എഴുത്തുകാരിയും നൊബേൽ സമ്മാന ജേതാവുമായ ആലിസ് മൺറോ അന്തരിച്ചു. 92 വയസായിരുന്നു. ഒന്റാറിയോയിലെ വസതിയിലായിരുന്നു അന്ത്യം. 60 വർഷത്തിലേറെയായി സാഹിത്യ മേഖലയിൽ സജീവമായിരുന്ന അവർ കാനഡയിലെ ഗ്രാമീണ മേഖലകളെ ആസ്പദമാക്കിയാണ് ചെറുകഥകൾ രചിച്ചിരുന്നത്. 2013ലാണ് നോബേൽ പുരസ്കാരം ആലിസ് മൺറോയെ തേടിയെത്തിയത്. 1968ൽ ഡാൻസ് ഓഫ് ദി ഹാപ്പി ഷെയ്ഡ്സ് എന്ന ചെറുകഥാ സമാഹാരത്തിലൂടെയാണ് അവർ ജനശ്രദ്ധ നേടുന്നത്. 13 ചെറുകഥാ സമാഹാരങ്ങളും ലൈവ്സ് ഓഫ് ഗേൾസ് ആൻറ് വിമൺ എന്ന നോവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാൻ ബുക്കർ പുരസ്കാരം ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങളും സ്വന്തമാക്കിയിട്ടുള്ള ആലിസ് മൺറോയുടെ കഥകൾ റഷ്യൻ എഴുത്തുകാരൻ ആന്റൺ ചേഖോവിന്റെ സാഹിത്യ സൃഷ്ടികളുമായാണ് താരതമ്യം ചെയ്യപ്പെടുന്നത്.

&&&&&&&&&&&&&&&&

**CENTRE-LTTE BAN**

എൽ ടി ടി ഇ നിരോധനം 5 വർഷത്തേക്ക് കൂടി നീട്ടി കേന്ദ്രസർക്കാർ. രാജ്യത്തിന്റെ പരമാധികാരത്തിനും പ്രാദേശിക അഖണ്ഡതയ്ക്കും സംഘടന ഭീഷണിയായി തുടരുന്ന സാഹചര്യത്തിലാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ തീരുമാനം. ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്ക്, എൽ.ടി.ടി.ഇ ഗുരുതരമായ ഭീഷണി ഉയർത്തിയതാണ് നിരോധനത്തിന് കാരണമെന്നും ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&

**RAJASTHAN-MINE**

രാജസ്ഥാനിൽ, ജുൻജുനു ജില്ലയിലെ കോലിഹാൻ ഖനിയിൽ കുടുങ്ങിയ ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിന്റെ മൂന്ന് ജീവനക്കാരെ രക്ഷപ്പെടുത്തി. മറ്റുള്ളവരെ രക്ഷിക്കാനുള്ള ശ്രമം തുടരുകയാണ്. ജീവനക്കാരെ ഖനിക്കുള്ളിലേക്ക് എത്തിക്കുന്ന ലിഫ്റ്റ് തകർന്നാണ് 14 പേർ ഉള്ളിൽ കുടുങ്ങിയത്. സഹായം നൽകുന്നതിനായി മെഡിക്കൽ സംഘവും ആംബുലൻസുകളും സ്ഥലത്ത് സജ്ജമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

**HAJJ**

ഈ വർഷത്തെ സംസ്ഥാന ഹജ്ജ് ക്യാമ്പിന് മെയ് 20 ന് രാവിലെ 10 ന് കരിപ്പൂർ ഹജ്ജ് ഹൗസിൽ തുടക്കമാകും. വൈകീട്ട് 4.30 നാണ് ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങ്. 21 ന് പുലർച്ചെ 12.05 ന് ആദ്യ ഹജ്ജ് വിമാനം കരിപ്പൂരിൽ നിന്ന് പുറപ്പെടും. 166 തീർത്ഥാടകരാണ് ആദ്യ വിമാനത്തിൽ ജിദ്ദയിലേക്ക് പുറപ്പെടുക. മെയ് 26 നാണ് കൊച്ചിയിൽ നിന്നുള്ള ആദ്യ ഹജ്ജ് വിമാനം. ജൂൺ ഒന്നിന് കണ്ണൂരിൽ നിന്നും യാത്ര തുടങ്ങും. സംസ്ഥാനത്ത് കോഴിക്കോട്, കണ്ണൂർ, കൊച്ചി എന്നീ മൂന്ന് എംബാർക്കേഷൻ പോയിന്റുകളിൽ നിന്നാണ് ഇത്തവണയും ഹജ്ജ് വിമാനങ്ങൾ പുറപ്പെടുന്നത്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ചരിത്രത്തിൽ തന്നെ ഏറ്റവും കൂടുതൽ തീർത്ഥാടകർ പുറപ്പെടുന്നത് ഈ വർഷമാണ്.

&&&&&&&&&&&&&&&&

**HEADLINE-6**

**REV. IPL CRICKET**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിങ്സുമായി ഏറ്റുമുട്ടും. രാത്രി 7.30ന് ഗുവാഹട്ടിയിലാണ്

മത്സരം. നിലവിൽ 16 പോയിൻറുമായി രാജസ്ഥാൻ രണ്ടാം സ്ഥാനത്താണ്. പ്ലേ ഓഫിൽ നിന്ന് പഞ്ചാബ് നേരത്തെ തന്നെ പുറത്തായിരുന്നു. ഇന്നലെ ന്യൂഡൽഹിയിലെ അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് ലഖ്നൗ സൂപ്പർ ജയൻറ്സിനെ 19 റൺസിന് പരാജയപ്പെടുത്തി. ഡൽഹി ഉയർത്തിയ 209 റൺ വിജയലക്ഷ്യം പിന്തുടർന്ന ലഖ്നൗവിന് നിശ്ചിത 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 189 റൺ എടുക്കാനേ സാധിച്ചുള്ളു.

&&&&&&&&&&&&&&&&

## MANIKA BATRA- RANKING

വനിതാ ടേബിൾ ടെന്നീസ് റാങ്കിങ്ങിൽ മികച്ച നേട്ടം സ്വന്തമാക്കി ഇന്ത്യൻ താരം മണികാ ബത്ര. സിംഗിൾസ് റാങ്കിംഗിൽ 24-ാം സ്ഥാനത്തേക്ക് ഉയർന്നാണ് കരിയറിലെ ഏറ്റവും മികച്ച മുന്നേറ്റം മണികാ ബത്ര കാഴ്ച വച്ചത്. ലോക റാങ്കിംഗിൽ ടോപ്പ്-25 ലെത്തുന്ന ആദ്യ ഇന്ത്യൻ വനിതാ പാഡ്ലറാണ് മണിക. ഇതോടെ ടേബിൾ ടെന്നീസ് സിംഗിൾസിൽ ഇന്ത്യൻ താരം ജി സത്യന്റെ അഞ്ച് വർഷം പഴക്കമുള്ള റെക്കോഡിനൊപ്പമെത്തിയിരിക്കുകയാണ് മണികാ ബത്ര.

&&&&&&&&&&&&&&&&

## SINGAPORE-NEW PM

സിംഗപ്പൂരിന്റെ നാലാമത്തെ പ്രധാനമന്ത്രിയായി ലോറൻസ് വോങ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം അധികാരത്തിൽ നിന്ന് പടിയിറങ്ങിയ ലീ സിയൻ ലോങ്ങിന്റെ പിൻഗാമിയായിട്ടാണ് 51 കാരനായ വോങ് അധികാരത്തിലെത്തുന്നത്. കോവിഡിനെതിരായ വിജയകരമായ പോരാട്ടം ഏകോപിപ്പിച്ചതിലൂടെ ലോക ശ്രദ്ധ നേടിയ നേതാവായിരുന്നു ലോറൻസ് വോങ് .

&&&&&&&&&&&&&&&&

## GAZA ATTACK

തെക്കൻ ഗസയിലെ റഫയിൽ ആക്രമണം ശക്തമാക്കി ഇസ്രായേൽ. ദശലക്ഷക്കണക്കിന് ആളുകൾ അഭയം പ്രാപിച്ചിരിക്കുന്ന ജനവാസ മേഖലകളിലേക്ക് ഇസ്രായേൽ സൈന്യം എത്തിയതായാണ് വിവരം. വടക്കൻ ഗാസയിലെ ജബാലിയയിലും ഇസ്രായേലിന്റെ ശക്തമായ ആക്രമണം തുടരുകയാണ്. അതേസമയം, ഇസ്രായേൽ സൈനിക വ്യൂഹത്തിനു നേരെ പ്രത്യാക്രമണം നടത്തിയതായി ഹമാസിന്റെ സായുധ വിഭാഗം അറിയിച്ചു. റഫയിലെ കടന്നാക്രമണവുമായി ബന്ധപ്പെട്ട് അടിയന്തര നടപടി ആവശ്യപ്പെട്ട് ദക്ഷിണാഫ്രിക്ക മുന്നോട്ടു വച്ച ഹർജി നാളെയും മറ്റന്നാളുമായി അന്താരാഷ്ട്ര നീതിന്യായ കോടതി ചർച്ച ചെയ്യും.

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&